## 15 -ാം കേരള നിയമസഭ

## 13 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5009** — **20-03-2025 - ൽ മറുപടിയ്ക്ക്**

## അധ്യാപകരുടെ റഗുലറൈസേഷൻ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. സി. വിഷ്ണുനാഥ് | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | 1997-ന് ശേഷം ഡിവിഷൻ നഷ്ടപ്പെട്ട് സർവ്വീസിൽ നിന്നും പുറത്തായ അധ്യാപകരെ 2012-ൽ ക്ലസ്റ്റർ കോർഡിനേറ്ററായി സമഗ്ര ശിക്ഷ കേരള-യിൽ നിയമിച്ചിരുന്നോ; പ്രസ്തുത ജീവനക്കാരുടെ സർവ്വീസ് 2012 മുതൽ റഗുലറൈസ് ചെയ്തിരുന്നോ; റഗുലറൈസ് ചെയ്തിട്ടില്ലെങ്കിൽ ആയതിന്റെ കാരണം എന്തെന്ന് വിശദമാക്കാമോ; | (എ) | 14-07-1997 തീയതിക്ക് മുൻപ് ജോലിയിൽ പ്രവേശിച്ച അധ്യാപകർക്കാണ് സംരക്ഷണം അനുവദിച്ചിരുന്നത്. 14.07.1997 തീയതിക്ക് ശേഷം 1:40 അനുപാതത്തിൽ സംരക്ഷിച്ചിരുന്നു. Aided സ്കൂളുകളിൽ അപ്രകാരവും നിലനിൽക്കാനാകാത്തവർ തസ്തിക നഷ്ടം വന്ന് പുറത്തായിരുന്നു. ഇത്തരം അധ്യാപകരെയാണ് അധ്യാപക പാക്കേജിൽ ഉൾപ്പെടുത്തി 2012 മുതൽ ക്ലസ്റ്റർ കോർഡിനേറ്ററായി സമഗ്ര ശിക്ഷ കേരളയിൽ നിയമിച്ചിരുന്നത്. ഈ കാലയളവിൽ SSKയുടെ ഫണ്ടിൽ നിന്നും അടിസ്ഥാന ശമ്പളം മാത്രമാണ് ഈ ജീവനക്കാർക്ക് നൽകിയത്. ഇപ്രകാരം 2012 മുതൽ ക്ലസ്റ്റർ കോർഡിനേറ്ററായി സമഗ്ര ശിക്ഷ കേരളയിൽ നിയമിക്കപ്പെട്ടവർക്ക് സ.ഉ(അച്ചടി) നം.29/2016/ പൊ.വി.വ തീയതി 29.01.2016 പ്രകാരം സംരക്ഷാണാനുകൂല്യം നൽകി 29.01.2016 മുതൽ പുനർ വിന്യാസവും ചട്ടപ്രകാരം സേവന വേതന ആനുല്യങ്ങളും നൽകുകയും ചെയ്തു.<br><br>മേൽപ്രകാരമുള്ളവരുടെ റിട്രഞ്ച് ചെയ്യപ്പെട്ട തീയതി മുതൽ ക്ലസ്റ്റർ കോർഡിനേറ്ററായി ചുമതലയേൽക്കുന്നത് വരെയുള്ള കാലയളവും ക്ലസ്റ്റർ കോർഡിനേറ്ററായി ചുമതലയേറ്റ തീയതി മുതൽ 28.01.2016 വരെയുള്ള കാലയളവും സേവനഭംഗം ഒഴിവാക്കുന്നതിനായി നോൺ ഡ്യൂട്ടി ആയി ക്രമീകരിക്കുവാൻ സ.ഉ(കൈ) നം.07/2025/ പൊ.വി.വ തീയതി 09.01.2025 പ്രകാരം സർക്കാർ ഉത്തരവായിട്ടുള്ളതിന്റെ അടിസ്ഥാനത്തിൽ റഗുലറൈസ് ചെയ്തിട്ടുണ്ട്. |
| (ബി) | 2012-ന് ശേഷം ഡിവിഷൻ ഫാളിൽ പുറത്തായി പുനർവിന്യസിക്കപ്പെട്ട ജീവനക്കാരെ സർവ്വീസിൽ റഗുലറൈസ് ചെയ്തിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ; | (ബി) | സ.ഉ(അച്ചടി) നം.07/2022/പൊ.വി.വ തീയതി 20.05.2022, സ.ഉ(എം.എസ്)നം.07/2025/ പൊ.വി.വ തീയതി 09.01.2025 എന്നിവ പ്രകാരം തസ്തികയില്ലാതെ പുറത്ത് നിന്ന കാലയളവ് നോൺ |

| | | | |
|---|---|---|---|
| | | | ഡ്യൂട്ടി ആയി ക്രമീകരിക്കുന്നുണ്ട്. ഉത്തരവിന്റെ പകർപ്പുകൾ ഉള്ളടക്കം ചെയ്യുന്നു. |
| (സി) | 2012-2016 കാലയളവിൽ നോൺ ഡ്യൂട്ടിയായി പരിഗണിക്കപ്പെട്ടുകയും 2016 ന് ശേഷം സർവ്വീസിൽ തുടരുകയും ചെയ്ത ജീവനക്കാരുടെ നോൺ ഡ്യൂട്ടി കാലയളവ് റഗുലറൈസ് ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ? | (സി) | നോൺ ഡ്യൂട്ടി കാലയളവ് റഗുലറൈസ് ചെയ്യാനാവില്ല. |

സെക്ഷൻ ഓഫീസർ

"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പൊതുവിദ്യാഭ്യാസം - എയ്ഡഡ് സ്കൂൾ അദ്ധ്യാപകരുടെ തസ്തിക നഷ്ടപ്പെട്ട് പുറത്തു നിൽക്കുന്ന കാലയളവ് (Retrenched Period) ക്രമീകരിക്കുന്നത് - നിർദ്ദേശങ്ങൾ നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുവിദ്യാഭ്യാസ (ജെ) വകുപ്പ്**

സ.ഉ.(അച്ചടി) നം.7/2022/GEDN   തീയതി,തിരുവനന്തപുരം, 20-06-2022

---

പരാമർശം:-
1. സ.ഉ(പി) നമ്പർ.104/69/പൊ.വി.വ തീയതി 06.03.1969.
2. സ.ഉ(പി) നമ്പർ.240/99/പൊ.വി.വ തീയതി 29.09.1999.
3. സ.ഉ(പി) നമ്പർ.240/2000/പൊ.വി.വ തീയതി 24.07.2000.
4. സ.ഉ(പി) നമ്പർ.29/2016/പൊ.വി.വ തീയതി 29.01.2016.

**ഉത്തരവ്**

എയ്ഡഡ് സ്കൂളുകളിലെ സംരക്ഷിത ലിസ്റ്റിൽ ഉൾപ്പെട്ട അദ്ധ്യാപകരുടെ തസ്തികയില്ലാതെ പുറത്ത് നിന്ന കാലയളവ് പരാമർശം 1, 2, 3, 4 എന്നിവയിലെ വ്യവസ്ഥകൾക്കനുസൃതമായി അർഹതപ്പെട്ട അവധിയായോ, ശൂന്യവേതന അവധിയായോ ക്രമീകരിക്കുവാൻ ഉത്തരവായിരുന്നു.

2) നിലവിലെ വ്യവസ്ഥ അനുസരിച്ച് സംരക്ഷണത്തിന് അർഹതയുള്ള ജീവനക്കാരുടെ, തസ്തികയില്ലാതെ പുറത്ത് നിന്ന കാലയളവ് അർഹതപ്പെട്ട അവധിയായോ ശൂന്യവേതന അവധിയായോ ആണ് ക്രമീകരിച്ച് വരുന്നത്. എന്നാൽ ഏതൊരു ഉദ്യോഗസ്ഥനും അവധി അനുവദിക്കണമെങ്കിൽ ടിയാൾ അവധിയിൽ പോകാതിരുന്നുവെങ്കിൽ ഒഫിഷ്യേറ്റ് ചെയ്യുന്നതിന് ഒരു തസ്തിക അനിവാര്യമാണ് എന്ന് കേരള സർവ്വീസ് റൂൾസിൽ വ്യവസ്ഥ ചെയ്യുന്നുണ്ട്.അതായത്, അവധിക്കാലത്ത് Continued Officiation ന് ഒരു തസ്തിക ഉണ്ടെങ്കിൽ മാത്രമേ ജീവനക്കാരന് അവധിയ്ക്ക് അർഹതയുള്ളൂ. തസ്തിക നഷ്ടപ്പെട്ട് പുറത്ത് പോകുന്ന എയ്ഡഡ് സ്കൂളിലെ ഒരു അദ്ധ്യാപകന് Continued Officiation ന് തസ്തിക ഉണ്ടാകുന്നില്ല. കെ.ഇ.ആർ അദ്ധ്യായം XIV A ചട്ടം 56 (1) പ്രകാരം സർക്കാർ സ്കൂൾ അദ്ധ്യാപകർക്ക് ബാധകമായിട്ടുള്ള അവധി സംബന്ധമായ ചട്ടങ്ങൾ തന്നെയാണ് എയ്ഡഡ് സ്കൂൾ അദ്ധ്യാപകർക്കും ബാധകമായിട്ടുള്ളത്. അതായത്, കെ.എസ്.ആർ ലെ വ്യവസ്ഥകൾ

ബാധകമാക്കിയാണ് അവധി സംബന്ധിയായ വിഷയങ്ങൾ നിശ്ചയിക്കുന്നത്. തസ്തിക നഷ്ടപ്പെട്ട് പുറത്ത് നിന്ന കാലയളവ് അർഹതപ്പെട്ട അവധിയായോ, ശൂന്യവേതന അവധിയായോ, ഡ്യൂട്ടിയായോ ക്രമീകരിക്കുന്നതിന് കെ.എസ്.ആറിൽ വ്യവസ്ഥ ചെയ്യുന്നില്ല.

3) ആയതിനാൽ എയ്ഡഡ് സ്കൂൾ അദ്ധ്യാപകരുടെ തസ്തിക നഷ്ടപ്പെട്ട് പുറത്തു നിൽക്കുന്ന കാലയളവ് (Retrenched Period) ക്രമീകരിക്കുന്നതിന് താഴെ പറയുന്ന നിർദ്ദേശങ്ങൾ നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

i. തസ്തികയില്ലാതെ പുറത്ത് നിൽക്കുന്ന കാലയളവ് ഇനി മുതൽ പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ വ്യക്തമായ ശിപാർശയുടെ അടിസ്ഥാനത്തിൽ സർക്കാരിന്റെ പ്രത്യേക അനുമതിയോടെ നോൺ-ഡ്യൂട്ടിയായി ക്രമീകരിക്കേണ്ടതാണ്.

ii. ഈ ഉത്തരവ് തീയതി വരെ തസ്തികയില്ലാതെ പുറത്ത് നിന്ന കാലയളവ് അർഹതപ്പെട്ട അവധി/ ശൂന്യവേതനാവധിയായി ക്രമീകരിച്ചു കഴിഞ്ഞ കേസുകൾ പുനപരിശോധിക്കേണ്ടതില്ല.

iii. ഉത്തരവ് തീയതിയിൽ അവശേഷിക്കുന്ന കേസുകളിൽ, ഈ ഉത്തരവിലെ വ്യവസ്ഥകൾക്കനുസൃതമായിട്ടായിരിക്കണം തുടർ നടപടികൾ സ്വീകരിക്കേണ്ടത്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
എ പി എം മുഹമ്മദ് ഹനീഷ്
പ്രിൻസിപ്പൽ സെക്രട്ടറി

പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം.

എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും, ജില്ലാ/ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും (പൊതുവിദ്യാഭ്യാസ ഡയറക്ടർ മുഖേന)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ), കേരള, തിരുവനന്തപുരം

(ധനകാര്യവകുപ്പിന്റെ അനുമതിയോടെ)

ധനകാര്യവകുപ്പ്(8/11/2021, 4/1/2022 തീയതികളിലെ അനൗ.ഫയൽ നം. EDN-A1/197/2021-FIN

പ്രകാരം)

ചീഫ് എക്സിക്യൂട്ടിവ് ഓഫീസർ, കൈറ്റ്, തിരുവനന്തപുരം (വെബ് സൈറ്റിൽ

പ്രസിദ്ധീകരിക്കുന്നതിനായി)

ഡയറക്ടർ (വെബ് & ന്യൂ മീഡിയ)/പ്രസ്സ് റിലീസ്, വിവര പൊതുജന സമ്പർക്ക വകുപ്പ്

കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ്:-

1) ബഹു.മുഖ്യമന്ത്രിയുടെ പി.എസ്.
2) ബഹു.പൊതുവിദ്യാഭ്യാസവും തൊഴിലും വകുപ്പ് മന്ത്രിയുടെ പി.എസ്.
3) പൊതു വിദ്യാഭ്യാസ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പിഎ.

"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പൊതു വിദ്യാഭ്യാസം - **2440/2021** നമ്പർ റിട്ട് ഹർജിയിലും മറ്റ് അനുബന്ധ റിട്ട് ഹർജികളിലും **05.06.2024**-ന് ബഹു.ഹൈകോടതി പുറപ്പെടുവിച്ച വിധിന്യായം നടപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതു വിദ്യാഭ്യാസ (ജെ.ആർ) വകുപ്പ്**

G.O.(Ms)No.7/2025/GEDN തീയതി,തിരുവനന്തപുരം, 09-01-2025

---

പരാമർശം:-

1. സ.ഉ (അച്ചടി) നമ്പർ **104/69**/പൊ.വി.വ തീയതി **06.03.1969**
2. സ.ഉ(അച്ചടി) നമ്പർ **199/2011**/പൊ.വി.വ തീയതി **1.10.2011.**
3. സ.ഉ(അച്ചടി)നമ്പർ **No.177/2012**/പൊ.വി.വ. തീയതി **05.06.2012**
4. **1.8.2012** തീയതിയിലെ **45393**/ജെ/**2012**/പൊ.വി.വ നമ്പർ സർക്കുലർ.
5. സ.ഉ (കൈ) നമ്പർ **213/2015**/പൊ.വി.വ തീയതി **06.08.2015**
6. സ.ഉ (അച്ചടി) നമ്പർ **29/2016**/പൊ.വി.വ തീയതി **29.01.2016**
7. സ.ഉ (കൈ) നമ്പർ **119/2018**/പൊ.വി.വ തീയതി **23.08.2018.**
8. സ.ഉ (കൈ) നമ്പർ **7/2022**/പൊ.വി.വ തീയതി **20.06.2022.**
9. ബഹു.ഹൈക്കോടതിയുടെ **2440/2021** നമ്പർ റിട്ട് ഹർജിയിലെ **05.06.2024**ലെ വിധിന്യായം.

**ഉത്തരവ്**

ബഹു.ഹൈകോടതി മുമ്പാകെ **2440/2021** നമ്പർ റിട്ട് ഹർജിയും മറ്റ് അനുബന്ധ റിട്ട് ഹർജികളും ഫയൽ ചെയ്ത ഹർജിക്കാർ എയ്ഡഡ് സ്കൂളുകളിൽ നിന്നും **2012** മുതൽ **2016** വരെയുള്ള

കാലഘട്ടത്തിൽ സർവശിക്ഷാ അഭിയാൻ്റെ കീഴിൽ ക്ലസ്റ്റർ കോർഡിനേറ്റർമാരായി നിയമിക്കപ്പെട്ടവരാണ്. പരാമർശം (2) ഉത്തരവ് പ്രകാരം ഹർജിക്കാർ ടീച്ചേർസ് ബാങ്കിൽ ഉൾപെട്ടിട്ടുണ്ടെന്നും ആയതിനാൽ അവർക്കു സംരക്ഷണത്തിന് അർഹതയുണ്ടെന്നും, പ്രസ്തുത ഉത്തരവ് ബഹു.കോടതി റദ്ദാക്കിയിട്ടുണ്ടെങ്കിലും ടീച്ചേഴ്സ് ബാങ്ക് രൂപീകരിക്കുന്നത് നിയമ വിരുദ്ധമല്ലെന്നു കോടതി നിരീക്ഷിച്ചിട്ടുണ്ടെന്നും, പരാമർശം (4) സർക്കുലർ പ്രകാരം സർവശിക്ഷാ അഭിയാൻ്റെ കീഴിൽ ക്ലസ്റ്റർ കോർഡിനേറ്റർമാരായി നിയമിച്ചവർക്കു റഗുലർ അധ്യാപകരുടെ കാര്യത്തിലെന്നപോലെ എല്ലാത്തരം അവധികൾക്കും സർവീസ് ആനുകൂല്യങ്ങൾക്കും അർഹതയുണ്ട് എന്നും, ആയവ അനുവദിക്കണമെന്നുമാണ് ഹർജിക്കാർ പ്രധാനമായും വാദിക്കുന്നത്. എന്നാൽ പരാമർശം (7) ഉത്തരവ് പ്രകാരം തങ്ങൾക്കു അനുവദിച്ച ആനുകൂല്യങ്ങൾ സർക്കാർ എടുത്തുകളഞ്ഞുവെന്നും ഹർജിക്കാർ സമർത്ഥിക്കുന്നു.

2. ഒരു വ്യക്തിക്കോ സമൂഹത്തിനോ നൽകുവാൻ ഉദ്ദേശിക്കുന്ന ആനുകൂല്യങ്ങളെ സംബന്ധിച്ച് സർക്കാർ ഉത്തരവുകളിൽ അസന്നിഗ്ധമായി വ്യക്തമാക്കുമ്പോൾ മാത്രമേ കക്ഷികൾക്ക് അവ സംബന്ധിച്ച് കൃത്യമായ അവകാശ വാദങ്ങൾ ഉന്നയിക്കാനോ ഉത്തരവിന്റെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ കൈവരിക്കുവാനോ സാധിക്കുകയുള്ളു. സർവശിക്ഷാ അഭിയാൻ്റെ കീഴിൽ ക്ലസ്റ്റർ കോർഡിനേറ്റർമാരായി നിയമിച്ചവർക്കു അർഹതയുള്ള ആനുകൂല്യങ്ങളെ സംബന്ധിച്ചു പ്രസ്തുത ഉത്തരവിൽ വ്യക്തമായി പ്രതിപാദിക്കുന്നില്ല എന്ന് നിരീക്ഷിച്ചുകൊണ്ടു പരാമർശം (7) ലെ ഉത്തരവ് ബഹു.കോടതി റദ്ദാക്കുകയും ഹർജിക്കാരുടെ ആവശ്യത്തിന്മേൽ അവരെ നേരിൽ കേട്ട് കൊണ്ട് തീരുമാനം എടുക്കുവാൻ സർക്കാരിനോട് നിർദേശിക്കുകയും ചെയ്തു .

3. വിവിധ ജില്ലകളിലെ സ്കൂളുകളിലെ അധ്യാപകരായ ഹർജിക്കാരെ കോടതിവിധിയുടെ അടിസ്ഥാനത്തിൽ ചുമതലപ്പെടുത്തിയ ഉദ്യോഗസ്ഥർ വിവിധ തീയതികളിലായി നേരിൽ കേൾക്കുകയുണ്ടായി. ബഹു.കോടതിയുടെ

നിരീക്ഷണങ്ങളുടെയും, ഹിയറിങ് സമയത്തു ഹർജിക്കാർ ഉന്നയിച്ച വാദമുഖങ്ങളുടെയും കേരള വിദ്യാഭ്യാസ ചട്ടങ്ങളുടെയും പ്രതിപാദ്യ സംഗതിയുമായി ബന്ധപ്പെട്ട പ്രസക്തമായ സർക്കാർ ഉത്തരവുകളുടെയും അടിസ്ഥാനത്തിൽ ഈ വിഷയം സർക്കാർ വിശദമായി പരിശോധിച്ചു.

**4.** **14.07.1997** തീയതിയ്ക്കു ശേഷം എയ്ഡഡ് സ്കൂളുകളിൽ ജോലിയിൽ പ്രവേശിക്കുകയും സംരക്ഷണ ആനുകൂല്യം ലഭിക്കാത്തതിനാൽ തസ്തിക നഷ്ടം വന്നു പുറത്തു പോവുകയും, പരാമർശം (2) ഉത്തരവ് പ്രകാരം രൂപീകരിച്ച അദ്ധ്യാപക ബാങ്കിൽ ഉൾപ്പെടുത്തിക്കൊണ്ട് **2012** മുതൽ **28.12.2016** വരെയുള്ള കാലഘട്ടത്തിൽ സർവശിക്ഷാ അഭിയാൻ്റെ കീഴിൽ ക്ലസ്റ്റർ കോർഡിനേറ്റർമാരായി നിയമിക്കുകയും ചെയ്തവരാണ് ഹർജിക്കാർ. എന്നാൽ അധ്യാപക പാക്കേജ് സംബന്ധമായി പുറപ്പെടുവിച്ച ഉത്തരവും അനുബന്ധ ഉത്തരവുകളും ബഹു.ഹൈക്കോടതി **30107/2013** നം ഹർജിയിലെ വിധിയിൽ റദ്ദു ചെയ്തതിനെ തുടർന്ന് സ.ഉ(പി)നം.**213/2015**/പൊവിവ തീയതി **06.08.2015** പ്രകാരം പാക്കേജ് പിൻവലിക്കുകയുണ്ടായി. അതിന്റെ ഫലമായി അനുബന്ധ ഉത്തരവുകൾക്കും പ്രസക്തി നഷ്ടപ്പെട്ടു.

**5. 06.08.2015** ലെ **GO(P)No.213/2015/GEdn** സർക്കാർ ഉത്തരവിലെ വിവിധ വ്യവസ്ഥകൾക്കെതിരെ നിരവധി കേസുകൾ ഫയൽ ചെയ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ റിട്ട് ഹർജി നം.**19008/2013**ലെയും അനുബന്ധ കേസുകളിലെയും **17.12.2015**ലെ വിധിന്യായത്തിലെ നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ നിയമനാംഗീകാരം, തസ്തികനിർണയവും, സംരക്ഷണാനുകൂല്യവും,സംരക്ഷിത അദ്ധ്യാപകരുടെ പുനർവിന്യാസം എന്നിവ സംബന്ധിച്ച പുതുക്കിയ ഉത്തരവ് പരാമർശം 6 പ്രകാരം പുറപ്പെടുവിച്ചു. ടി ഉത്തരവിന് മുൻകാല പ്രാബല്യമില്ല. ആയതിനാൽ തന്നെ തസ്തിക നിർണയവും സംരക്ഷണാനുകൂല്യവും സംബന്ധിച്ച് പ്രസ്തുത ഉത്തരവിലെ വ്യവസ്ഥകളാണ് ബാധകം.ക്ലസ്റ്റർ കോർഡിനേറ്റർമാർക്കും സംരക്ഷണം അനുവദിച്ചതും മറ്റ് റെഗുലർ അധ്യാപകരെ പോലെ ശമ്പള സ്കെയിലിൽ പൊതു വിദ്യാഭ്യാസ വകുപ്പിൽ നിന്നും ശമ്പളം നൽകി തുടങ്ങിയതും മേൽ ഉത്തരവിന്റെ അടിസ്ഥാനത്തിലാണ്.

6. പരാമർശം (1) ലെ ഉത്തരവ് പ്രകാരം അദ്ധ്യാപകർക്ക് ആദ്യമായി സംരക്ഷണം നൽകുകയും തുടർന്ന് വിവിധ സർക്കാർ ഉത്തരവുകളിലൂടെ 14.07.1997 വരെ ജോലിയിൽ പ്രവേശിച്ച അധ്യാപകർക്ക് സംരക്ഷണം അനുവദിച്ചു നൽകുകയും ചെയ്തു. 14/7/1997 വരെ നിയമിക്കപ്പെട്ടവർക്ക് മാത്രമാണ് പരാമർശം (6) ലെ ഉത്തരവ് പുറപ്പെടുവിക്കുന്നതു വരെ സംരക്ഷണത്തിന് അർഹതയുള്ളതായി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളത്. 15/7/1997 മുതൽ നിയമിക്കപ്പെട്ടവർക്ക് സംരക്ഷണാനുകൂല്യം നൽകിയിട്ടില്ലെങ്കിലും അധ്യാപക-വിദ്യാർത്ഥി അനുപാതം കുറച്ചു കൊണ്ട് 1:40 എന്ന അനുപാതത്തിൽ സംരക്ഷണത്തിന് അർഹതയില്ലാത്തവരെയുൾപ്പെടെ നിലനിർത്തിയിട്ടുണ്ട്. ഹർജിക്കാരാകട്ടെ 1:40 എന്ന അനുപാതത്തിൽ പോലും നിലനിൽക്കാനാകാതെ തസ്തികനഷ്ടം വന്ന് ജോലി നഷ്ടമായവരാണ്.

7. സംസ്ഥാനത്തെ എയ്ഡഡ് സ്കൂളുകളിൽ വിവിധ കാരണങ്ങളാൽ നിയമനാംഗീകാരം ലഭിക്കാത്തതിനാൽ ശമ്പളം ലഭിക്കാതെ തുടർന്നിരുന്ന അധ്യാപകരെയും, തസ്തിക നഷ്ടപ്പെട്ട് പുറത്തുപോയ അധ്യാപകരെയും (ഇതിൽ സംരക്ഷണ ആനുകൂല്യത്തിന് അർഹതയുള്ളവരും ഇല്ലാത്തവരും ഉൾപ്പെടുന്നു) ഉൾപ്പെടുത്തി പരാമർശം (2) ലെ ഉത്തരവ് പ്രകാരം അധ്യാപക പാക്കേജ് രൂപീകരിച്ചു. സംരക്ഷണത്തിന് അർഹതയില്ലാതെ തൊഴിൽ നഷ്ടം വന്ന അധ്യാപകരെ തൊഴിൽ രഹിതരായി സമൂഹത്തിൽ ഉപേക്ഷിക്കാതെ താൽക്കാലികമായ ഒരു വരുമാനം ഉറപ്പാക്കിക്കൊണ്ട് ജോലി നൽകി സാമൂഹ്യപരമായ ഉത്തരവാദിത്തം നിറവേറ്റുക എന്നത് മാത്രമാണ് അധ്യാപക ബാങ്ക് കൊണ്ട് സർക്കാർ ഉദ്ദേശിച്ചിട്ടുള്ളത്. 15/7/1997 മുതൽ എയ്ഡഡ് സ്കൂളുകളിൽ ജോലിയിൽ പ്രവേശിക്കുകയും തുടർന്ന് സംരക്ഷണമില്ലാതെ തസ്തിക നഷ്ടപ്പെട്ട അധ്യാപകരെയാണ് എസ്.എസ്.കെ യിൽ ക്ലസ്റ്റർ കോർഡിനേറ്റർമാരായി പുനർവിന്യസിച്ചത്. പരാമർശം (2) ഉത്തരവ് പ്രകാരം അധ്യാപക ബാങ്കിൽ ഉൾപ്പെട്ടിട്ടുള്ള മറ്റു അധ്യാപകർക്ക് ഉള്ളതുപോലെ ക്ലസ്റ്റർ കോർഡിനേറ്റർമാരായി നിയമിച്ചിട്ടുള്ളവർക്ക് സംരക്ഷണ ആനുകൂല്യം നൽകുവാൻ സർക്കാർ ഉദ്ദേശിച്ചിട്ടില്ല. അധ്യാപക

ബാങ്കിൽ ഉൾപ്പെട്ടിരുന്ന അധ്യാപക വിഭാഗങ്ങൾക്ക് അവർക്കു മുൻപ് ലഭിച്ചിരുന്ന ആനുകൂല്യങ്ങൾക്ക് ഉപരിയായി ഒരു തരത്തിലുള്ള അധിക അവകാശങ്ങളും ആനുകൂല്യങ്ങളും നല്കിയിട്ടില്ല. 15/7/1997 നു ശേഷം സംരക്ഷണാനുകൂല്യം ഇല്ലാതെ എയ്ഡഡ് സ്കൂളുകളിലെ അധ്യാപകർ തസ്തികയില്ലാതെ **പുറത്തുപോകുമ്പോൾ** കെ.ഇ.ആർ അധ്യായം XIV A ചട്ടം 51എ പ്രകാരം എപ്പോഴെങ്കിലും മാതൃസ്കൂളിൽ തസ്തികയുണ്ടെങ്കിൽ മാത്രമേ പുനർനിയമനത്തിന് അവകാശമുള്ളൂ എന്നിരിക്കേ, ജോലിയും വരുമാനവും ഉറപ്പാക്കുന്നതിനായാണ് ഹർജിക്കാർ ഉൾപ്പെടെയുള്ള അധ്യാപകരെ എസ്.എസ്.കെയിൽ ക്ളസ്റ്റർ കോർഡിനേറ്റർമാരായി അധ്യാപക പാക്കേജിന്റെ അടിസ്ഥാനത്തിൽ നിയമിച്ചത്. സംരക്ഷണം ഇല്ലാത്ത അധ്യാപകർക്ക് സംരക്ഷണം നൽകുന്നതിന് പാക്കേജ് രൂപീകരണം വഴി വിഭാവനം ചെയ്തിട്ടില്ല. റഗുലർ അധ്യാപകർക്ക് ലഭിക്കുന്നത് പോലെ എല്ലാ സേവനാനുകൂല്യങ്ങൾക്കും യോഗ്യരാകാത്തതു കൊണ്ടാണ് പൊതുവിദ്യാഭ്യാസ വകുപ്പിലെ ഹെഡിൽ നിന്നും ശമ്പളം നൽകാതെ പകരം സർവ്വ ശിക്ഷാ അഭിയാനിൽ നിന്നും പ്രതിഫലമായി അടിസ്ഥാനശമ്പളത്തിന് തുല്യമായ തുക മാത്രം മറ്റ് ആനുകൂല്യങ്ങളൊന്നുമില്ലാതെ സർക്കാരിന്റെ നയപരമായ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ നൽകിയത്. പരാമർശം (6) ഉത്തരവ് പുറപ്പെടുവിച്ചതിനു ശേഷം മാത്രമാണ് 15/7/1997 നു ശേഷം നിയമിക്കപ്പെട്ടവർക്ക് സംരക്ഷണ ആനുകൂല്യം ലഭിച്ചിട്ടുള്ളത്.

8) അധ്യാപകർക്ക് സംരക്ഷണം നൽകുന്നതിന് സ്റ്റാറ്റ്യൂട്ടറി വ്യവസ്ഥകൾ ഒന്നും തന്നെ നിലവിലുണ്ടായിരുന്നില്ല. അതാത് സമയത്ത് സർക്കാർ പുറപ്പെടുവിക്കുന്ന ഉത്തരവുകളിലൂടെയാണ് സംരക്ഷണം സംബന്ധിച്ച വ്യവസ്ഥകൾക്ക് സർക്കാർ നിർദേശം നൽകുന്നത്.അധ്യാപക പാക്കേജിൽ ഉൾപ്പെട്ടിട്ടുള്ള മറ്റു വിഭാഗം അധ്യാപകർ സംരക്ഷണ ആനുകൂല്യം ലഭിച്ചിട്ടുള്ളവരോ, വ്യവസ്ഥാപിതമായ തസ്തികയിൽ ജോലി ചെയ്തു വന്നിരുന്നവരോ ആണ്. സംരക്ഷണത്തിന് അർഹതയുള്ളവരെ പുനർവിന്യസിച്ച് ക്ളസ്റ്റർ കോർഡിനേറ്റർമാരായി നിയമിച്ചതും സംരക്ഷണത്തിന് അർഹതയില്ലാത്തവരെ നിയമിച്ചതിനും സമാനത

കല്പിക്കുവാൻ സാധിക്കുകയില്ല. ചട്ടങ്ങളുടെയോ ഉത്തരവുകളുടെയോ യാതൊരു പിൻബലവുമില്ലാതെയാണ് ഈ വിഭാഗം അധ്യാപകർ സംരക്ഷണ ആനുകൂല്യം ആവശ്യപ്പെടുന്നത്. ആകയാൽ പരാമർശം (2) ഉത്തരവ് പ്രകാരം ടീച്ചേർസ് ബാങ്കിൽ ഉൾപെടുത്തികൊണ്ടു 28.01.2016 വരെയുള്ള കാലഘട്ടത്തിൽ സർവശിക്ഷാ അഭിയാൻ്റെ കീഴിൽ ക്ലസ്റ്റർ കോർഡിനേറ്റർമാരായി നിയമിക്കപെട്ട ഹർജിക്കാരുൾപ്പെടെയുള്ള അദ്ധ്യാപകർക്ക് മേൽ കാലയളവിൽ സംരക്ഷണ ആനുകൂല്യത്തിന് അർഹത ഇല്ല എന്ന് വീണ്ടും വ്യക്തത വരുത്തുന്നു. പരാമർശം (6) ലെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ മാത്രമേ മേൽ അധ്യാപകർക്ക് സംരക്ഷണ ആനുകൂല്യത്തിന് അർഹതയുണ്ടാവുകയുള്ളൂ.

9 ) പരാമർശം (3) ഉത്തരവ് പ്രകാരം തസ്തിക നഷ്ടം വന്നു പുറത്തായ അധ്യാപകരെ ക്ലസ്റ്റർ കോഓർഡിനേറ്റർമാരായി പുനർവിന്യസിക്കുവാൻ അനുമതി നൽകുകയും, അവർക്ക് അടിസ്ഥാന ശമ്പളത്തിന് മാത്രമേ അർഹതയുള്ളുവെന്നും, അവർക്ക് എസ്.എസ്.എ യുടെ പ്ലാൻ ഫണ്ടിൽ നിന്നാണ് ശമ്പളം നൽകേണ്ടതെന്നും ഉത്തരവായി. പരാമർശം (4) പ്രകാരം സർവ ശിക്ഷ അഭിയാനിൽ ക്ലസ്റ്റർ കോ-ഓർഡിനേറ്റർമാരായി പുനർ വിന്യസിച്ചിട്ടുള്ള റീട്രെഞ്ചെട് അധ്യാപകർക്ക് മറ്റു റെഗുലർ അധ്യാപകർക്ക് അർഹതയുള്ള അവധികളും അതുമായി ബന്ധപ്പെട്ട മറ്റു സർവീസ് ആനുകൂല്യങ്ങൾക്കും അർഹതയുണ്ട് എന്നാണ് വ്യക്തമാക്കിയിട്ടുള്ളത്. പരാമർശം (6) പ്രകാരം മാത്രമാണ് പരാമർശം (4) പ്രകാരം സർവ ശിക്ഷ അഭിയാനിൽ ക്ലസ്റ്റർ കോ-ഓർഡിനേറ്റർമാരായി പുനർവിന്യസിച്ചിട്ടുള്ള റീട്രെഞ്ചെട് അധ്യാപകർക്ക് മറ്റ് റെഗുലർ അധ്യാപകരെ പോലെ ശമ്പള സ്കെയിലിൽ പൊതു വിദ്യാഭ്യാസ വകുപ്പിൽ നിന്നും ശമ്പളം നൽകി തുടങ്ങിയത്.ശമ്പള സ്കെയിലിൽ നിയമിക്കുന്ന അധ്യാപകർക്ക് മാത്രമാണ് കെ.ഇ.ആർ അധ്യായം XIVA ചട്ടം 52, 61(4) എന്നിവയിലെ വ്യവസ്ഥകൾ ബാധകമാകയാൽ, പ്രസ്തുത വ്യവസ്ഥകൾ പ്രകാരം ശമ്പളം സംരക്ഷിച്ചു നൽകുന്നതെന്നതിനാൽ ഹർജിക്കാരുടെ വാദം നിലനിൽക്കുന്നതല്ല. കൂടാതെ പൊതുവിദ്യാഭ്യാസ വകുപ്പിന്റെ ഫണ്ടിൽ

നിന്നുമല്ലാതെ മറ്റു ശീർഷകങ്ങളിൽ നിന്നും ശമ്പളസ്കെയിലിലല്ലാതെ ശമ്പളം കൈപ്പറ്റുന്ന അധ്യാപകരുടെ സർവീസ്, പെൻഷന് കണക്കാക്കുവാൻ സാധിക്കുകയില്ല. ക്ലസ്റ്റർ കോഓർഡിനേറ്റർമാർക്ക് ശമ്പള സ്കെയിലിൽ വകുപ്പിൽ നിന്നും ശമ്പളം അനുവദിക്കാത്തതിനാൽ കെ.എസ്.ആർ ചട്ടം 33(1) പ്രകാരം ഇൻക്രിമെന്റിന് അർഹതയില്ല.അപ്രകാരം ഇൻക്രിമെന്റിനു അർഹത നേടണമെങ്കിൽ കെ.എസ്.ആർ പാർട്ട് 1 ചട്ടം 12(35) ലെ "time scale" കെ.എസ്.ആർ പാർട്ട് 1 ചട്ടം 12(7) ലെ "duty" എന്നിവയിലെ നിർവചനങ്ങളിൽ ഉൾപെടണം. റഗുലർ അധ്യാപകർക്ക് ലഭിക്കുന്നത് പോലെ എല്ലാ സേവനാനുകൂല്യങ്ങൾക്കും ടിയാളുകൾ യോഗ്യരാകാത്തതു കൊണ്ടാണ് സംസ്ഥാന ഹെഡിൽ നിന്നും ശമ്പളം നൽകാതെ പകരം സർവ്വ ശിക്ഷാ അഭിയാനിൽ നിന്നും പ്രതിഫലമായി അടിസ്ഥാനശമ്പളത്തിന് തുല്യമായ തുക മാത്രം മറ്റ് ആനുകൂല്യങ്ങളൊന്നുമില്ലാതെ നൽകിയത്. ആകയാൽ പരാമർശം (2) ഉത്തരവ് പ്രകാരം ടീച്ചേർസ് ബാങ്കിൽ ഉൾപെടുത്തികൊണ്ടു 28.01.2016 വരെയുള്ള കാലഘട്ടത്തിൽ സർവശിക്ഷാ അഭിയാൻ്റെ കീഴിൽ ക്ലസ്റ്റർ കോർഡിനേറ്റർമാരായി നിയമിക്കപെട്ട അധ്യാപകരുടെ സർവീസ് കാലയളവ് സംസ്ഥാനത്തെ റെഗുലർ അധ്യാപകർക്ക് അനുവദിച്ചിട്ടുള്ള സർവീസ്, പെൻഷൻ ആനുകൂല്യങ്ങൾക്ക് കണക്കാക്കാൻ സാധിക്കുകയില്ല എന്നും വ്യക്തത വരുത്തുന്നു.

1 0 ) എസ്.എസ്.എ. പദ്ധതിക്ക് കീഴിൽ ക്ലസ്റ്റർ കോ-ഓർഡിനേറ്റർമാരായി പ്രവർത്തിച്ചു വരുന്ന റിട്രഞ്ച്ഡ് അദ്ധ്യാപകരെ പരാമർശം (6 ) ഉത്തരവിന്റെ പരിധിയിൽപ്പെടുത്തി സംരക്ഷണാനുകൂല്യം നൽകി 29/01/2016 മുതൽ പുനർവിന്യസിക്കുകയും, റിട്രഞ്ച് ചെയ്യപ്പെടുന്നതിനു മുൻപ് അദ്ധ്യാപക തസ്തികയിൽ ജോലി ചെയ്തിരുന്ന കാലയളവ് കൂടി പരിഗണിച്ച്, 29/01/2016 മുതൽ ജോലിയിൽ പുനഃപ്രവേശിച്ചതായി കണക്കാക്കി' ചട്ടപ്രകാരം സേവന വേതന ആനുകൂല്യങ്ങൾ അനുവദിക്കുകയും ചെയ്തുവരുന്നു. എസ്.എസ്.കെയുടെ ഫണ്ടിൽ നിന്നും അടിസ്ഥാന ശമ്പളം മാത്രം കൈപ്പറ്റിയ കാലയളവ് പെൻഷന് പരിഗണിക്കുന്നതിന് സാധ്യമല്ല. അധ്യാപകസർവ്വീസിൽ

ഭംഗം വന്ന കാലയളവ് **Note III in Rule 31 in Part III KSR** പ്രകാരം ടി സർവ്വീസിൽ പെൻഷന് പരിഗണിക്കാൻ സാധ്യമല്ല. സേവനഭംഗം വന്ന കാലയളവ് നോൺ ഡ്യൂട്ടിയായി കണക്കാക്കുന്നതിന് പരാമർശം **7** പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചത് സേവനഭംഗം വരുന്നതിന് മുൻപുള്ള അവരുടെ മുൻകാല സർവ്വീസ്, **29.1.2016** മുതൽ സംരക്ഷണം അനുവദിച്ചതിനാൽ അതിനോട് ചേർത്ത് പെൻഷന് കണക്കാക്കുന്നതിനായി ക്രമീകരിക്കുന്നതിനായാണ്. എന്നാൽ ടി ഉത്തരവ് ബഹു.കോടതി റദ്ദ് ചെയ്തതിനാൽ തസ്തികനഷ്ടം വരുന്നതിനു മുൻപുള്ള സർവ്വീസ് പരിഗണിക്കുന്നതിന് റിട്രഞ്ച് ചെയ്യപ്പെട്ട തീയതി മുതൽ ക്ലസ്റ്റർ കോ-ഓർഡിനേറ്ററായി ചുമതലയേൽക്കുന്നത് വരെയുള്ള കാലയളവും, ക്ലസ്റ്റർ കോ-ഓർഡിനേറ്റർമാരായി ചുമതലയേറ്റ തീയതി മുതൽ **28/01/2016**-വരെയുള്ള കാലയളവും, സേവനഭംഗം ഒഴിവാക്കുന്നതിനായി, നോൺ ഡ്യൂട്ടിയായി കണക്കാക്കേണ്ടതാണ്. ഇതിനോടകം മുൻകാല ഉത്തരവുകൾ പ്രകാരം ശൂന്യവേതനാവധിയായോ നോൺ ഡ്യൂട്ടിയായോ ക്രമീകരിച്ചു കഴിഞ്ഞ കേസുകൾ പുനപരിശോധിക്കേണ്ടതില്ല. എന്നാൽ അനർഹമായി ഇക്കാലയളവ് പരിഗണിച്ച് ആർക്കെങ്കിലും തെറ്റായി ആനുകൂല്യം നൽകിയിട്ടുണ്ടെങ്കിൽ ആയത് ഈ ഉത്തരവിനനുസൃതമായി തിരിച്ചുപിടിക്കേണ്ടതാണ്.

**11.** മേൽ വിവരിച്ച പ്രകാരം പരാമർശം **9**ലെ വിധിന്യായം പാലിച്ച് കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
RANI GEORGE
PRINCIPAL SECRETARY

**1.**എല്ലാ ഹർജിക്കാർക്കും.

**2.** അഡ്വക്കേറ്റ് ജനറൽ, കേരള,എറണാകുളം (ആമുഖകത്ത് സഹിതം)

**3.** പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം.

**4.** പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം.

**5.** എല്ലാ വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർമാർക്കും, ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും (പൊതുവിദ്യാഭ്യാസ ഡയറക്ടർ മുഖേന)

**7.** ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, കൈറ്റ് , തിരുവനന്തപുരം (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി) .

**8.** പൊതുവിദ്യാഭ്യാസ വകുപ്പിലെ എ, ബി, ഇ, എച്ച്, ജെ.എ, കെ, എൽ, ആർ, എസ്, എസ്.സി, റ്റി സെക്ഷനുകൾക്കും.

**9.** ഡയറക്ടർ (വെബ് & ന്യൂ മീഡിയ)/പ്രസ്സ് റിലീസ്, വിവര പൊതുജന സമ്പർക്ക വകുപ്പ്.

**10.** കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ